കേരള സർക്കാർ
പട്ടികജാതി വികസന വകുപ്പ്
**ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി**
ഗ്രൗ ് ഫ്ളോർ, അംബേദ്ക്കർ ഭവൻ, ഗവ.പ്രസ്സിന് സമീപം, മണ്ണന്തല,തിരുവനന്തപുരം–695015.

ഫോൺ നമ്പർ - 0471 2533272 വെബ്സൈറ്റ് : **www.icsets.org** ഇ–മെയിൽ: **icsets@gmail.com**

---

നമ്പർ: 01/2019 തീയതി: 14.10.2019

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുളളവർക്ക് ഒരു വർഷത്തെ സൗജന്യ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ജേർണലിസം കോഴ്സിലേക്കുളള അപേക്ഷകൾ ക്ഷണിക്കുന്നു.

സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുളളവർക്കായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ജേർണലിസം, പ്രസ് ക്ലബ്, തിരുവനന്തപുരവുമായി സഹകരിച്ച് പട്ടികജാതി വികസന വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന ഒരു വർഷത്തെ സൗജന്യ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ജേർണലിസം കോഴ്സിലേയ്ക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. പ്രിന്റ്, ടി.വി., ഓൺലൈൻ ഡിജിറ്റൽ മാധ്യമ സിലബസ് ഉൾക്കൊളളുന്ന സമഗ്ര പാഠ്യപദ്ധതിയാണിത്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ജേർണലിസത്തിലെ സിലബസും മികച്ച ഫാക്കൽറ്റിയുമാണ് ഈ കോഴ്സിന്റെ പ്രത്യേകത. അംഗീകൃത സർവ്വകലാശാല ബിരുദമാണ് അപേക്ഷിക്കുന്നതിനുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത. പ്രായപരിധി 01.11.2019 ൽ 28 വയസ്സ് തികയാൻ പാടില്ല. ബിരുദ പരീക്ഷയുടെ മാർക്കിന്റെയും ഇന്റർവ്യൂവിൽ ലഭിക്കുന്ന മാർക്കിന്റെയും അടിസ്ഥാനത്തിൽ 30 വിദ്യാർത്ഥി കൾക്ക് ആണ് പ്രവേശനം നൽകുന്നത്. അപേക്ഷാ ഫോറത്തിന്റെ മാതൃക നേരിട്ടും ജില്ലാ പട്ടിക ജാതി വികസന ഓഫീസുകളിൽ നിന്നും സ്ഥാപനത്തിന്റെ വെബ് സൈറ്റായ www.icsets.org യിൽ നിന്നും ലഭിക്കുന്നതാണ്. പൂരിപ്പിച്ച അപേക്ഷകൾ ജാതി, വിദ്യാഭ്യാസ യോഗ്യത, പ്രായം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം നേരിട്ടോ തപാലിലോ 2019 ഒക്ടോബർ 31 വൈകീട്ട് അഞ്ച് മണിയ്ക്ക് മുൻപായി ലഭിക്കത്തക്ക വിധം പ്രിൻസിപ്പൽ, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി, ഗ്രൗ ് ഫ്ളോർ, അംബേദ്ക്കർ ഭവൻ, ഗവ.പ്രസ്സിന് സമീപം, മണ്ണന്തല, തിരുവനന്തപുരം–695015 എന്ന വിലാസത്തിൽ ലഭിക്കേ താണ്. പൂർണ്ണമല്ലാത്തതോ അനുബന്ധ രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഉളളടക്കം ചെയ്യാത്തതോ ആയ അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. ക്ലാസുകൾ 2019 നവംബർ ആദ്യ വാരത്തിൽ ആരംഭിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ചുവടെ കൊടുത്തിട്ടുള്ള ഫോൺ നമ്പരിലോ ഇ–മെയിൽ വിലാസത്തിലോ ബന്ധപ്പെടുകയോ വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യാവുന്നതാണ്.

ഫോൺ : 0471 2533272 വെബ്സൈറ്റ് : www.icsets.org ഇ–മെയിൽ : icsets@gmail.com

പ്രിൻസിപ്പൽ